# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### ശ്ലീവക്കാലം ഒന്നാം ഞായർ

**മത്താ 5,1-12**

> "സഹനത്തെ ഒഴിവാക്കാനുള്ള തത്രപ്പാടാണ്
> ഏറ്റവും വലിയ സഹനം!"

ഡോക്ടറെക്കണ്ട് ഇറങ്ങിവരുന്ന അമ്മയോടും മകളോടുമായി നേഴ്സ് പറഞ്ഞു ' "ഇന്നു ഇവിടെ അഡ്മിറ്റ് ആകാനാണ് ഡോക്റ്റർ പറഞ്ഞത്. നിങ്ങളുടെ പ്രത്യേക ആവശ്യപ്രകാരമാണ് പോകാൻ ഡോക്ടർ സമ്മതിച്ചത്. അതുകൊണ്ട് രാവിലെതന്നെ വരണം."

"ശരി സിസ്റ്റർ ഞങ്ങൾ രാവിലെ തന്നെ വന്നോളാം" എന്നുപറഞ്ഞു അമ്മയും മകളും അവിടെ നിന്നും ഇറങ്ങി നടന്നു.

ഹോസ്പിറ്റലിൻറെ മുറ്റത്തിറങ്ങിയിട്ടു അമ്മ ആലോചിച്ചു. വീട്ടിൽ പോയിവരാൻ സമയമില്ല. അടുത്തുള്ള ഏതെങ്കിലും ചെറിയ ഹോട്ടലിൽ താമസിക്കാം. നാളെയാണ് മോളുടെ ഓപറേഷൻറെ സമയം ഉച്ചകഴിഞ്ഞ് മൂന്നുമണിക്കാണ്. അതിനുമുൻപ് അവൾക്കിഷ്ടപ്പെട്ട ആഹാരം വാങ്ങികൊടുക്കണം. ഇതെല്ലാം ചിന്തിച്ചു അവർ മുന്നോട്ടു നടന്നു.

അതുവഴിപോയ ഓട്ടോയ്ക്ക് കൈകാണിച്ചു. അതിൽക്കയറിയിരുന്ന് അമ്മ പറഞ്ഞു. "ഏതെങ്കിലും ചെറിയ ഒരു ഹോട്ടലിൽ പോകണം ഞങ്ങൾക്ക്. ഇന്നു അവിടെ താമസിക്കണം. അതിനു പറ്റിയ ഒരു ഹോട്ടൽ വേണം."

അപ്പോൾ ഡ്രൈവർ പറഞ്ഞു. "ശരി. എനിക്കറിയാവുന്ന നല്ലൊരു ഹോട്ടലുണ്ട്. അവിടെ കാശും കുറവാണ്." അങ്ങനെ ഡ്രൈവർ അവരെ ഹോട്ടലിലാക്കി. ബാഗും സാധനങ്ങളും അവിടെ റൂമിൽ വെച്ചിട്ട് പുറത്തു വന്നു.

അമ്മ നേരെ മാനേജരുടെ അടുത്തുചെന്നുപറഞ്ഞു, "ഞങ്ങൾ ഇവിടെ നാലാംനമ്പർ റൂമിലെയാണ്. എൻറെ മോൾക്ക് തലക്കു കാൻസർ ആണ്. നാളെ അവളുടെ ഓപ്പറെഷനുവേണ്ടി വന്നതാണ് ഞങ്ങൾ. ഇപ്പോൾ ഞങ്ങൾ ഒന്നുപുറത്തുപോവുകയാണ്. മറ്റൊന്നിനും അല്ല. അവളുടെ മുടി മുറിക്കാൻ ഡോക്ടർ പറഞ്ഞു. മുടിമുറിക്കുകയെന്നാൽ തലമൊട്ടയടിക്കണം."

ഇതുപറയുമ്പോൾ ആ അമ്മ പൊട്ടിക്കരഞ്ഞുപോയി. എന്നിട്ട് മകളുകേൾക്കാതെ ശബ്ദം താഴ്ത്തിപ്പറഞ്ഞു.

"അവളുടെ തലമൊട്ടയടിക്കുന്നതിനൊപ്പം ഞാനും എൻറെ തലയും മൊട്ടയടിക്കും. എൻറെ മോൾക്കു വേദനിക്കാതിരിക്കാൻ. എനിക്ക് ഒരു നേർച്ചയുണ്ട് അതുകൊണ്ടാണ് ഞാനും മൊട്ടയടിക്കുന്നത് എന്നും ഞാനവളോട് പറയും. തലമുടിയില്ലാതെ കയറിവരുന്ന ഞങ്ങളെ നോക്കി നിങ്ങളാരും ചിരിക്കരുത്. നിങ്ങൾ ചിരിച്ചാൽ അത് എൻറെ മോളെ കുടുതൽ വിഷമിപ്പിക്കും. അതുകൊണ്ട് സാർ ഇവിടെയുള്ള എല്ലാ ആൾക്കാരോടും പറയണം, തലമൊട്ടയായി വരുന്ന ഞങ്ങളെ നോക്കി ആരും ചിരിക്കരുതെന്നു."

മാനേജർ സമ്മതിച്ചു.

*ശാന്തത
ബലഹീനതയല്ല!
മറിച്ച്,
വലിയ കരുത്താണ്.
കാരണം,
ക്രിസ്തു പറയുന്നു,
"ഞാൻ ശാന്തശീലനും
വിനീതഹൃദയനുമാകയാൽ
എന്നിൽ നിന്നു പഠിക്കുക!"
മത്തായി 11,29*

അങ്ങനെ അമ്മയും മകളും പുറത്തുപോയി. അങ്ങനെ തലമൊട്ടയടിച്ചു അവർ തിരിച്ചുവരുമ്പോൾ ഹോട്ടലിൽ കണ്ട കാഴ്ച അവരെ ഞെട്ടിച്ചു. മാനേജരടക്കം ആ ഹോട്ടലിലെ എല്ലാ ജോലിക്കാരും തലമൊട്ടയടിച്ചിരിക്കുന്നു. അമ്മയും മകളും കയറിവരുമ്പോൾ ബഹുമാനാർത്ഥം അവർ എണീറ്റുനിന്ന് അവരെ സ്വാഗതം ചെയ്തു. ഇതുകണ്ട ആ അമ്മയുടെ രണ്ടുകണ്ണും സന്തോഷത്താൽ നിറഞ്ഞൊഴുകി.

സഹജീവികലോടുള്ള സ്നേഹവും കരുണയും ആണ് ഇവിടെ കാണാൻ കഴിയുന്നത്. വലിയക്കാര്യങ്ങൾ ഒന്നും ചെയ്യാനായില്ലെങ്കിലും ചെയ്യാൻക്കഴിയുന്ന ചെറിയക്കാര്യങ്ങൾ നാം ചെയ്യണം. ഒപ്പം, സഹനത്തെ അതിജീവിക്കാനുളള മാർഗ്ഗം അതിനെ സന്തോഷത്തോടെ സ്വാഗതം ചെയ്യുക എന്നതുമാണ്. കാരണം, സഹനങ്ങൾ എല്ലാം ജീവിത വിശുദ്ധീകരണത്തിനാണ്. കവിശകലം ഇപ്രകാരമാണ്;

"ഉരുക്കിടുന്നൂ മിഴിനീരിലിട്ടു
മുക്കുന്നു മുറ്റും ഭുവനൈക ശില്പി
മനുഷ്യ ഹൃത്താം കനകത്തെ, യേതോ
പണിത്തരത്തിന്നുപയുക്തമാക്കാൻ!"

"കണ്ണുനീർത്തുള്ളി," നാലാപ്പാട്ട് നാരായണ മേനോൻ.

അഷ്ടസൗഭാഗ്യത്തിലൂടെ കർത്താവ് ഭാഗ്യത്തെയും നിർഭാഗ്യത്തെയും കുറിച്ച് പറയുമ്പോൾ കർത്താവ് വരച്ച് കാണിക്കുന്നത് ഒന്നുമാത്രമാണ്, "ലോകത്തിന്റെ കാഴ്ച്ചപാടും ദൈവത്തിന്റെ കാഴ്ച്ചപാടും ഭാഗ്യനിർഭാഗ്യങ്ങളെ കുറിച്ച് വിഭിന്നങ്ങളാണെന്ന്." ലോകത്തിന്റെ കാഴ്ച്ചപാടിൽ സഹനങ്ങൾ ഏറ്റെടുക്കുന്നവർ ശപിക്കപ്പെട്ടവരും തിരസ്കൃതരുമാകുമ്പോൾ ദൈവത്തിന്റെ കാഴ്ച്ചപാടിൽ സഹനങ്ങൾ ഏറ്റെടുക്കുന്നവർ, ആത്മാവിൽ ദരിദ്രരായവർ, വിലപിക്കുന്നവർ, ശാന്തശീലർ, നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, സമാധാനം സ്ഥാപിക്കുന്നവർ, നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ, ക്രിസ്തുവിനെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവർ ആണ് കൂടുതൽ ഭാഗ്യമുള്ളവർ!

ആത്മാവിൽ ദരിദ്രരായവരുടെ പ്രത്യേകത; "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" (1കോറി 15,10) എന്നതാണ്!

അതുകൊണ്ട് തന്നെയാണ് ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി.അൽഫോൻസാമ്മ സഹനത്തിലൂടെ ദൈവവുമായി സംവദിക്കാൻ പരിശ്രമിച്ചതും. വി.അൽഫോൻസാമ്മയുടെ സഹനജീവിതം കണ്ടവർ കണ്ണുനീർ പൊഴിച്ചുകൊണ്ട് പറഞ്ഞു,

"ദൈവമേ, ഇത്തരണത്തിലുള്ള ഒരു സഹനവും ആർക്കും കൊടുക്കരുതേ" എന്ന്.

പക്ഷെ, അൽഫോൻസാമ്മ ചെയ്തതോ, സഹനങ്ങളെ രണ്ടും കൈയ്യും നീട്ടി സന്തോഷത്തോടെ സ്വീകരിച്ചു. കാരണം, അൽഫോൻസാമ്മയ്ക്കറിയാമായിരുന്നു, "സഹനങ്ങളെല്ലാം വിശുദ്ധീകരണത്തിന് നിതാനമാകുന്നുവെന്ന്!"

മോണിക്ക പുണ്ണ്യവതിയെ വിശുദ്ധിയുടെ പടവുകൾ കയറ്റിയത് അഗസ്റ്റിൻ എന്നുള്ള മകന്റെ കുത്തഴിഞ്ഞ ജീവിതമായിരുന്നു. മകന്റെ താറുമാറായ ജീവിതം കണ്ട് അമ്മ മോണിക്ക പുണ്ണ്യവതി എന്നു കണ്ണുനീരോടെ പ്രാർത്ഥിക്കുമായിരുന്നു. അവളുടെ കണ്ണുനീർ നിറഞ്ഞ പ്രാർത്ഥന കണ്ട് മിലാനിലെ ആർച്ച് ബിഷപ്പായിരുന്ന വി.അംബ്രോസ് അവളോട് എന്നും പറയുമായിരുന്നു,

"നിന്റെ മകൻ ഒരുനാൾ ദൈവത്തെ അനുഭവിക്കും. കാരണം, നിന്റെ കണ്ണുനീർ നിറഞ്ഞ പ്രാർത്ഥനകൾ അത്രമാത്രം ശക്തമാണ്. അതിനെതിരെ ദൈവത്തിന് പുറം തിരിഞ്ഞ് നിൽക്കാൻ സാധിക്കില്ല!" അവസാനം, മകൻ അഗസ്റ്റിൻ മാനസാന്തരപ്പെട്ടു. മോണിക്ക വിശുദ്ധ മോണിക്കയും, അഗസ്റ്റിൻ വി. അഗസ്റ്റിനും, ബിഷപ്പ് അംബ്രോസ്

വി.അംബ്രോസുമായി.

മോണിക്കയുടെ ജീവിതത്തിലെ വലിയ സഹനത്തെ സന്തോഷത്തോടെ അതിലേറെ പ്രാർത്ഥനയോടെ സ്വന്തമാക്കിയപ്പോൾ ദൈവം അവളുടെ ജീവിതത്തിൽ ഇടപെടുകയാണ്. എങ്കിൽ, സഹനങ്ങളെ സന്തോഷങ്ങളാക്കി മാറ്റാൻ പറ്റും, "അവയെ പ്രാർത്ഥനാരൂപിയോടെ സ്വന്തമാക്കാൻ സാധിക്കണം എന്നതു മാത്രം!"

ചരിത്രം ഓർമ്മപ്പെടുത്തുന്നതും ഇതു തന്നെയാണ്. ചരിത്രത്തിലെ മഹാരഥൻമാരെല്ലാവരും ഇപ്രകാരം സഹനങ്ങൾ ഏറ്റെടുത്തിട്ടുള്ളവരാണ്. സഹനങ്ങൾ ഏറ്റെടുത്തവർ, ആത്മാവിൽ ദരിദ്രരായവർ, വിലപിക്കുന്നവർ, ശാന്തശീലർ, നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്തവർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, സമാധാനം സ്ഥാപിച്ചവർ, നീതിക്കുവേണ്ടി പീഡനം സ്വന്തമാക്കിയവർ ഇവരാണ് ഇന്നും ചരിത്രത്തിൽ ഒളിമങ്ങാതെ മനോഹരമായ മാതൃകകൾ സമ്മാനിച്ച് നിലയുറപ്പിച്ചിരിക്കുന്നവർ.

ഈ ലോകത്തിന്റെ ഭാഗ്യം പണത്തിന്, സമ്പത്തിന്, സുഖസൗകര്യങ്ങൾക്ക് പിന്നാലെ പോകാനുള്ള ത്വരയാണ്. പക്ഷെ, ക്രിസ്തു പറയുന്നു, സമ്പത്തും അതിന്റെ സ്ഥാനമാനങ്ങളുമല്ല, മറിച്ച്, സഹനങ്ങൾ ഏറ്റെടുത്ത് അവയിലൂടെ വിശുദ്ധികരിച്ച് ജീവിതം നയിക്കുന്നവരായിരിക്കും കൂടുതൽ ഭാഗ്യം ചെയ്തവർ എന്ന്. ലോകം കീഴടക്കിയ മഹാനായ അലക്സാണ്ടർ രാജാവിന്റെ ജീവിതം നമ്മുക്കറിയാവുന്നതാണ്. അദ്ദേഹം മരണകുറിപ്പിൽ ഒസ്യത്ത് ഇപ്രകാരം എഴുതി വച്ചു;

"ഞാൻ മരിച്ച് എന്റെ ശവമഞ്ചവും ചുമത്ത് നിങ്ങൾ നഗരവീഥിയിലൂടെ പ്രദക്ഷണം നടത്തുമ്പോൾ എന്റെ രണ്ട് കരങ്ങളും ശവമഞ്ചത്തിന് പുറത്തേയ്ക്ക് തുറന്നിടണം. കാരണം, ഇത് ലോകത്തിന് ഒരു പാഠമായിരിക്കണം. ഈ ലോകം മുഴുവൻ വെട്ടിപിടിച്ച അലക്സാണ്ടർ മഹാരാജാവ് തിരിച്ച് പോകുമ്പോൾ ഒന്നും കൊണ്ടു പോകുന്നില്ല എന്ന്!"

ലോകത്തിന്റെ ഭാഗ്യത്തിന് പരിതിയുണ്ട്... പരിമിതികളുണ്ട്... എന്നാൽ, ക്രിസ്തു വിഭാവനം ചെയ്യുന്ന ഭാഗ്യത്തിന് പരിതിയുമില്ല.... പരിമിതികളുമില്ല...

സമാധാനം
സ്ഥാപിക്കുന്നവർക്ക്
ദൈവം നൽകുന്ന
ഓസ്ക്കാറാണ്
"ദൈവപുത്രൻ"
എന്ന സ്ഥാനം!

***"ഒരു നാഴിക നേരത്തെ വേദന***
***കഴിഞ്ഞ കാലസുഖങ്ങൾ മുഴുവൻ മായിച്ച് കളയുന്നു.***
***ജീവതാന്ത്യത്തിൽ മനുഷ്യന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടും.***
***മരിക്കുന്നതിന് മുമ്പ് ആരെയും ഭാഗ്യവാൻമാർ എന്ന് വിളിക്കരുത്.***
***മരണത്തിലൂടെയാണ് മനുഷ്യനെ അറിയുക!"***

പ്രഭാഷകൻ 11,27 - 28

.....................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931